(*d*) Yes, on 2nd Makaram 1113.

(*e*) They cannot be placed on the Council table as they are of a confidential nature.

Mr. A. L. Antony *(Irinjalakkuda):* May I know what amount was mis-appropriated?

Mr. K. Achyuta Menon *(Diwan Peishkar):* It was only a temporary mis-appropriation of Sirkar money which was realised later on.

CHELLANAM WATER WORKS—PARTICULARS REGARDING.

196. മിസ്റ്റർ ബി. എം. പീറർ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെണ്ടു് ദയയും മറുപടി പറയുമോ:—

(ക) ചെല്ലാനം വാട്ടർ വർക്സു് ആരംഭിച്ചിട്ടു് എത്ര കൊല്ലമായി;

(ഖ) ഇതുവരെക്കും ചെല്ലാനത്തേക്കു വെള്ളം കൊടുപ്പാൻ ഗവർമ്മെണ്ടിനെകൊണ്ടു സാധിച്ചിട്ടുണ്ടോ;

(ഗ) കഴിഞ്ഞ രണ്ടു കൊല്ലങ്ങളിൽ ടി ലയിൻ എക്സ്റ്റൻഷനായി വല്ല സംഖ്യയും ചിലവാക്കീട്ടുണ്ടോ;

(ഘ) ഇല്ലെങ്കിൽ ബഹുമാനപ്പെട്ട ഗവർമ്മെണ്ടിന്റെ വാശ്രമനുസരിച്ചു ചെല്ലാനം നിവാസികൾക്കു് അടുത്തകൊല്ലം മുതൽക്കെങ്കിലും ശുദ്ധജലം കിട്ടത്തക്കവണ്ണം ലയിൻ എക്സ്റ്റൻറ് ചെയ്യുവാൻ ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനു മനസ്സുണ്ടാകുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (ക) ഏഴുകൊല്ലമായി.

(ഖ) കണ്ടകടവു് ഡിസ്പെൻസറിക്കു് ഒരു ഫർലോങ്ങു് ദൂരത്തുവരെ കുഴൽ എത്തിയിട്ടുണ്ടു്. പൈപ്പു് ലയിനിന്നു് ആകെ ഏഴുനാഴിക നീളം ഉണ്ടു്.

(ഗ) ഇല്ല.

(ഘ) നാലരമൈൽ നീളംകൂടി പൈപ്പു് ഇടേണ്ടതുണ്ടു്. ധനസ്ഥിതി അനുസരിച്ചു് ഇതു ചെയ്യുന്നതാകുന്നു.

മിസ്റ്റർ ബി. എം. പീറർ: ഈ ൪½ മൈൽ നീളം പൈപ്പിടുന്നതിന്നു് ഉദ്ദേശം എത്ര ചിലവുവരും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ൩൫,൦൦൦ രൂപായോളം വരും.

മിസ്റ്റർ എ. ഇച്ചരമേനോൻ: ഒരു കുടം വെള്ളമെടുക്കുന്നതിന്നു പത്തു മിനിറ്റു വേണ്ടിവരുമോ എന്നു പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അത്ര താമസം വരുകയില്ലെന്നാണു് എന്റെ അറിവു്.

SUPPLY OF WATER FROM PILLA THODU.

197. Mr. T. A. Ramachandra Ayyar *(Nellayi):* Will the Government be pleased to state:—

LIBRARY ARCHIVES Kerala Legislative Assembly